# ക്ഷമയും ദൈവപ്രീതിയും

عَنْ أَبِي أُمَامَةَ رَضِيَ اللهُ عَنْهُ عَنِ النَّبِيِّ ﷺ قَالَ : يَقُولُ اللهُ سُبْحَانَهُ : ابْنَ آدَمَ إِنْ صَبَرْتَ وَاحْتَسَبْتَ عِنْدَ الصَّدْمَةِ الأُولَى لَمْ أَرْضَ لَكَ ثَوَابًا دُونَ الْجَنَّةِ

**അബൂ ഉമാമ(റ) യിൽ നിന്ന് നിവേദനം. അല്ലാഹു ഇങ്ങനെ പറഞ്ഞതായി റസൂൽ(സ) മൊഴിയുന്നു: "ആദമിന്റെ പുത്രാ, നീ ക്ഷമിക്കുകയും (പരീക്ഷണത്തിന്റെ) ആദ്യ ആഘാതത്തിൽ തന്നെ അതിൽ പ്രതിഫലം കാംക്ഷിക്കുകയും ചെയ്താൽ സ്വർഗമല്ലാതെ മറ്റൊരു പ്രതിഫലം ഞാൻ നിനക്ക് ആഗ്രഹിക്കുന്നില്ല"** (ഇബ്നുമാജ).

**ജീവിത** പ്രതിസന്ധികൾ നേരിടുന്നവരാണ് മനുഷ്യരിലധിക പേരും. പ്രയാസങ്ങൾ ക്ഷമിച്ച് അത് അല്ലാഹുവിന്റെ പ്രതിഫലം നേടാനുള്ള മാർഗമാക്കുകയാണ് വേണ്ടതെന്നു മേൽഹദീസ് പഠിപ്പിക്കുന്നു. വിശുദ്ധ വേദഗ്രന്ഥം ഏകദേശം 90 സ്ഥലങ്ങളിലായി ക്ഷമയെ പരാമർശിച്ചത് അതിന്റെ പ്രാധാന്യത്തെ വിളിച്ചോതുന്നുണ്ട് .

'തീർച്ചയായും പ്രയാസത്തോടൊപ്പം എളുപ്പമുണ്ട്' -വിശുദ്ധ ഖുർആൻ റസൂലിനെ ആശ്വസിപ്പിച്ചു കൊണ്ട് പറയുന്ന വചനങ്ങളിലൊന്നാണ് ഇത്. പ്രയാസം (ഉസ്ർ) ഉണ്ടാവുമ്പോൾ അത് ക്ഷമിച്ചു അല്ലാഹുവിന്റെ പ്രതിഫലം നേടാനുള്ള മാർഗമാക്കുമ്പോഴാണു ഇഹലോകത്തും പരലോകത്തും എളുപ്പ (യുസ്ർ)മുണ്ടാവുന്നതെന്ന് പ്രവാചകനെ പഠിപ്പിക്കുകയാണ് പ്രസ്തുത വചനം.

ക്ഷമയുടെ പ്രേരകം ദൈവപ്രീതിയായിരിക്കണമെന്നാണ് ഹദീസിന്റെ മറ്റൊരു പാഠം. ഇപ്പോൾ ക്ഷമിച്ചാൽ ഭാവിയിൽ അത് എന്തെങ്കിലും ഭൗതിക നേട്ടമുണ്ടാക്കിത്തരും എന്ന് കരുതി സഹിക്കുന്നത് ക്ഷമയുടെ ആത്മീയ മൂല്യത്തോടു അടുക്കുന്നില്ലെന്നർത്ഥം . കഴിയാവുന്നതെല്ലാം ചെയ്ത് പരാജയപ്പെട്ട് ഗത്യന്തരമില്ലാതെ 'ആ ഇനിയതങ്ങു ക്ഷമിച്ചേക്കാം' എന്ന രീതിയിലുള്ള ക്ഷമയും പ്രതിഫലാർഹമല്ല. പരീക്ഷണങ്ങൾ വന്നണയുമ്പോൾ ആദ്യമേ തന്നെ ക്ഷമിക്കുകയും അവ അല്ലാഹുവിലേക്ക് മടക്കുകയും അവന്റെ പ്രീതിയും തൃപ്തിയും കാംക്ഷിക്കുകയുമാണ് വേണ്ടത്. ക്ഷമ അതിന്റെ ആദ്യ ആഘാതത്തിലാണ് കൂടുതൽ പ്രതിഫലാർഹം എന്ന ഹദീസിന്റെ പരാമർശം ഈ കാര്യത്തെ ഊന്നി പറയുന്നു. 'പ്രയാസ വേളകളിൽ വിഡ്ഢികൾ വൈകി ചെയ്യുന്ന കാര്യങ്ങൾ ബുദ്ധിമാന്മാർ നിർണിത സമയത്ത് തന്നെ ചെയ്യുമെന്ന്' പണ്ഡിതന്മാർ പറഞ്ഞത് ഇവിടെ ശ്രദ്ധേയമാണ്.

ഇവ്വിധമുള്ള ക്ഷമ വിശ്വാസിയിൽ അല്ലാഹുവിനെ കുറിച്ചുള്ള സ്മരണ അധികരിപ്പിക്കും. അനുഭവിച്ച പ്രയാസങ്ങൾക്ക് പതിയെ പതിയെ ആശ്വാസം കൈവരും. സർവോപരി അല്ലാഹുവിന്റെ അളവറ്റ പ്രതിഫലത്തിനു ഉടമയുമാകും.

മാത്രമല്ല, പരീക്ഷണങ്ങൾ പാപങ്ങൾ പൊറുക്കപ്പെടാനുള്ള നിമിത്തം കൂടിയാണ്. റസൂൽ(സ) പറഞ്ഞു: "ഒരു മുസ്‌ലിമിന് തളർച്ചയോ ക്ഷീണമോ, ദുഃഖമോ പ്രയാസമോ, വിപത്തോ ഉത്കണ്ഠയോ ബാധിച്ചാൽ എന്തിനു, ഒരു മുള്ള് കാലിൽ തറച്ചാൽ പോലും അതിലൂടെ അവന്റെ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കുകയാണ് ചെയ്യുന്നത്."

പ്രയാസ വേളകളിൽ ഉമർ (റ) സ്വീകരിച്ച നിലപാട് വിശ്വാസികൾക്ക് മാതൃകയാണ്. അദ്ദേഹം പറയുന്നു: "എനിക്ക് പരീക്ഷണങ്ങൾ വന്നു ഭവിച്ചിട്ടില്ല; അവ വഴി നാല് അനുഗ്രഹങ്ങൾ അല്ലാഹു എനിക്ക് നൽകിയിട്ടല്ലാതെ. ഒന്ന്, ആ വിപത്ത് എന്റെ ദീനിനെ (ആദർശത്തെ) ബാധിച്ചില്ല. രണ്ട്, മുമ്പുണ്ടായവയേക്കാൾ ഭീകരമല്ല ഇതെന്നെനിക്കു സമാധാനിക്കാം. മൂന്ന്, എന്നെ ആ വിപത്ത് ബാധിക്കില്ല എന്ന് ഞാൻ ഒരിക്കലും കരുതുന്നില്ല. നാല്, അതിൽ അല്ലാഹുവിന്റെ പ്രതിഫലം ഞാൻ ആഗ്രഹിക്കുന്നു." ഈയൊരു മാനസികാവസ്ഥ വിശ്വാസികൾക്ക് നേടിയെടുക്കാൻ കഴിഞ്ഞാൽ പിന്നെയവർക്ക് നഷ്ടപ്പെട്ടതിനെ ഓർത്ത് ദുഃഖിക്കേണ്ടി വരില്ല.

'ഏതുപ്രയാസവും സഹിക്കാനുള്ള ദൃഢവിശ്വാസം നൽകേണമേ' എന്ന് റസൂൽ(സ) എപ്പോഴും പ്രാർഥിച്ചിരുന്നതായി ഹദീസുകളിൽ കാണാം. 'അല്ലാഹുവേ നിന്നെ ധിക്കരിക്കുന്നതിൽ നിന്ന് ഞങ്ങളെ അകറ്റുന്ന ഭയഭക്തിയും, നിന്റെ സ്വർഗത്തിലേക്ക് ഞങ്ങളെ ആനയിക്കുന്ന അനുസരണവും, വിഷമാവസ്ഥകൾ നിസ്സാരമാക്കാൻ ഞങ്ങൾക്ക് തുണയേകുന്ന ദൃഢവിശ്വാസവും നീ ഞങ്ങൾക്കു വീതിച്ചു നൽകേണമേ' എന്ന് പ്രാർഥിക്കാതെ നബി(സ) സദസ്സിൽ നിന്ന് പിരിയുക വിരളമായിരുന്നു എന്ന് അബ്ദുല്ലാഹിബ്നു ഉമർ(റ) റിപ്പോർട്ട് ചെയ്യുന്നു. ഈ ദൃഢവിശ്വാസവും മാനസികാവസ്ഥയുമാണ് വിശ്വാസികൾ ആർജിക്കേണ്ടത്. 'എന്റെ ദാസന്റെ എറ്റം പ്രിയങ്കരമായതിൽ നാമവനെ പരീക്ഷിച്ചാൽ പകരം നാം സ്വർഗം പ്രതിഫലം നൽകും' എന്ന അല്ലാഹുവിന്റെ വാഗ്ദാനം അവർക്കുള്ളതാണ്. ■

*jaleelk3@gmail.com*